മിഷൻ 676 വഴിയുള്ള പദ്ധതികൾ

225 (231) ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി നിർഭയ കേരളം, സുരക്ഷിത കേരളം എന്നീ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് ഇതു വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പൈലറ്റ് പ്രോജക്ട് ആയി കൊച്ചിൻ കോർപ്പറേഷനിൽ ഈ പദ്ധതി നടത്തിവരുന്നു.

(സി&ഡി) കുട്ടികളുടെയും സ്ത്രീകളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ഓരോ വാർഡിലും വോളന്റിയേഴ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർ വീടുകൾ സന്ദർശിച്ച് അവർക്ക് സംരക്ഷണം നൽകിവരുന്നു. പോലീസ് ഇടപെടലുകൾ ആവശ്യമായ സന്ദർഭങ്ങളിൽ അത് ഉണ്ടാകുന്നതാണ്. മറ്റ് ജില്ലകളിൽ ഘട്ടംഘട്ടമായി നടപ്പാക്കുന്നതാണ്.

ക്രൈം നമ്പർ 885/2014

226 (232) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ടൗൺ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 885/2014 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ എത്ര പ്രതികൾ ഉണ്ട് ;

(ബി) പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ നഗരത്തിലെ ഒരു മെഡിക്കൽ സ്റ്റോറിൽ രാത്രി ഉണ്ടായ തീ പിടിത്ത സംഭവം പോലീസ് എങ്ങനെയാണ് വിലയിരുത്തുന്നത് ;

(സി) സംഭവത്തിൽ ഇലക്ട്രിക്കൽ വിംഗിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിൽ എന്താണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രതികളാരെന്ന് നാളിതുവരെയുള്ള അന്വേഷണത്തിൽ തിരിച്ചറിഞ്ഞിട്ടില്ല

(ബി) ഇല്ല. മേൽ കേസ്സിൽ തീപിടിത്തം ഉണ്ടായത് വൈദ്യുത തകരാറുമൂലമാണെന്ന് അനുമാനിക്കാൻ തക്കതായ യാതൊരു തെളിവുകളും സംഭവസ്ഥലത്ത് അവശേഷിച്ചിട്ടുണ്ടായിരുന്നില്ല എന്ന് കാസർഗോഡ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. സംഭവത്തിനു പിന്നിൽ സാമൂഹിക വിരുദ്ധരാണോയെന്ന് അന്വേഷണം നടത്തിവരികയാണ്. ഇതുസംബന്ധിച്ച് എഫ്.എസ്.എൽ. റിപ്പോർട്ട് ലഭിക്കുവാനുണ്ട്.

(സി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. തീപിടിത്തം ഉണ്ടായത് വൈദ്യുത തകരാറുമൂലമാണെന്ന് അനുമാനിക്കാൻ തക്കതായ യാതൊരു തെളിവുകളും സംഭവസ്ഥലത്ത് അവശേഷിച്ചിട്ടുണ്ടായിരുന്നില്ല എന്ന് കാസർഗോഡ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

അരൂർ ഫയർ സ്റ്റേഷൻ കെട്ടിടം

227 (233) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മേഖലയിലും പരിസരത്തുമായി കഴിഞ്ഞ നാല് വർഷങ്ങളിൽ തീപിടിത്തവും അമോണിയ ലീക്ക് ചെയ്യുന്നതും ഉൾപ്പെടെയുള്ള അപകടങ്ങൾ എത്ര തവണ നടന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതിനാൽ അവിടെ ഒരു ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനു വേണ്ടി ആലപ്പുഴ ജില്ലാ കളക്ടർ യോഗം വിളിച്ചു ചേർത്തിട്ടുണ്ടോ; എങ്കിൽ ജനപ്രതിനിധികൾ ഉൾപ്പെടെ ആരെല്ലാം പങ്കെടുത്തു; യോഗ തീരുമാനങ്ങളുടെ പകർപ്പ് നൽകുമോ ;

(സി) അതു പ്രകാരം അഗ്നിശമന വകുപ്പ് ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി സ്ഥലം വിട്ടു നൽകുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രത്തിനോ വ്യവസായ വകുപ്പിനോ അപേക്ഷ നൽകിയോ; ഇൻഡസ്ട്രീസ് ഡയറക്ടറുടെ മറുപടി എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ബി.എസ്.എൻ.എൽ.-ന്റെ കൈവശമുള്ള ഭൂമി അനസ് എന്ന വ്യവസായിക്ക് അനുവദിച്ചതും അതിന്മേൽ ബി.എസ്.എൻ.എൽ. ബഹു. ഹൈക്കോടതിയെ സമീപിച്ചെങ്കിലും ഭൂമി അനസ്സിന് കൈമാറ്റം ചെയ്ത വ്യവസായ വകുപ്പിന്റെ നടപടി ബഹു.ഹൈക്കോടതി ശരിവെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly